# Official Spokesperson's response to media queries on COVID19 related drugs and pharmaceuticals

April 07, 2020

---

**കോവിഡ് -19 നു അനുബന്ധമായുള്ള മരുന്നുകൾ , ഫാർമസ്യൂട്ടിക്കലുകൾ എന്നിവ സംബന്ധിച്ച മാധ്യമഅന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ മറുപടി.**

**ഏപ്രിൽ** 07, 2020

**കോവിഡ് -19 നു അനുബന്ധമായുള്ള മരുന്നുകൾ , ഫാർമസ്യൂട്ടിക്കലുകൾ എന്നിവ സംബന്ധിച്ച മാധ്യമഅന്വേഷണങ്ങൾക്ക് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ മറുപടി ഇപ്രകാരമായിരുന്നു:**

"കോവിഡ് -19 മായി ബന്ധപ്പെട്ടിട്ടുള്ള മരുന്നുകൾ, ഫാർമസ്യൂട്ടിക്കലുകൾ എന്നിവ സംബന്ധിച്ച് ചില മാധ്യമവിഭാഗങ്ങൾ അനാവശ്യമായ വിവാദങ്ങൾ സൃഷ്ടിക്കുന്നതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ഏതൊരു ഉത്തരവാദിത്വമുള്ള ഭരണകൂടത്തെയും പോലെ തന്നെ ഞങ്ങളുടെ സ്വന്തം ജനതയുടെ ആവശ്യങ്ങൾക്കായി മതമായ മരുന്നുകൾ ഉറപ്പാക്കുക എന്നതാണ് ഞങ്ങളുടെയും ചുമതല.ഇതുറപ്പ് വരുത്തുന്നതിനായി, ചില വിഭാഗത്തിൽപ്പെട്ട ഫാർമസ്യൂട്ടിക്കലുകളുടെ കയറ്റുമതി തടയുന്നതിനായി തലകാലികമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഇതേ സമയം തന്നെ വിവിധ സാഹചര്യങ്ങളിൽ സാധ്യമായേക്കാവുന്ന ആവശ്യകതകൾ കണക്കുന്നതിനായുള്ള സമഗ്രമായ വിലയിരുത്തലും നടത്തിയിരിക്കുന്നു. നിലവിൽ കണ്ടെത്തിയിരിക്കുന്ന ഇത്തരം യാദൃശ്ചികമായ സാഹചര്യങ്ങൾക്കുകൂടി മതിയായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയതിനു ശേഷം ഇത്തരം നിയന്ത്രങ്ങൾ നീക്കം ചെയ്യുന്നതാണ്.ഇന്നലെ ഇത്തരത്തിൽ 14 മരുന്നുകളുടെ നിരോധനം നീക്കം ചെയ്തതായി DGFT നിരീക്ഷിച്ചിരുന്നു. പരാസിറ്റാമോൾ, ഹൈഡ്രോക്സിക്ളോറോക്വിൻ എന്നിവ സംബന്ധിച്ച്, അവ ലൈസൻസ്ഡ് വിഭാഗത്തിൽ തന്നെ സൂക്ഷിക്കുകയും ആവശ്യകത നിലവാരം തുടർച്ചയായി നിരീക്ഷിക്കുകയും ചെയ്യുന്നതാണ്. എന്നിരുന്നാലും സ്റ്റോക്ക് സ്ഥിതി മുൻപ് ധാരണയിൽ ഏർപ്പെട്ടിരുന്ന കയറ്റുമതി ആവശ്യകതകൾ നിർവഹിക്കാൻ പര്യാപ്തമായതാണ്.

കോവിഡ് -19 പകർച്ചവ്യാധിയുടെ ഭീകരത മുൻനിർത്തി,അന്താരാഷ്ട്ര സമൂഹം എപ്പോഴും ദൃഢമായ ഐക്യവും സഹകരണവും നിലനിർത്തണമെന്നത് ഇന്ത്യ പാലിക്കുന്നു. ഈ സമീപനമാണ് മറ്റു രാജ്യങ്ങളിലെ പൗരന്മാരെ സ്വന്തം രാജ്യങ്ങളിലേക്ക് എത്തിക്കുന്നതിലേക്ക് നയിച്ചത്. പകർച്ചവ്യാധിയുടെ മാനുഷികമായ വശങ്ങൾ കണക്കിലെടുക്കുമ്പോൾ, നമ്മുടെ ശേഷികൾ ആശ്രയിക്കുന്ന അയൽ രാജ്യങ്ങളിലേക്ക് ഉചിതമായ അളവിൽ പരാസിറ്റാമോൾ, HCQ എന്നിവ ലൈസൻസ് ചെയ്യുന്നതായി ഇന്ത്യ

പ്രഖ്യാപിച്ചിരുന്നു. പകർച്ചവ്യാധി വളരെ ഗുരുതരമായി ബാധിച്ചിട്ടുള്ള ചില രാജ്യങ്ങളിലേക്കും നമ്മൾ ആവശ്യ മരുന്നുകൾ വിതരണം ചെയ്യുന്നതായിരിക്കും. അതിനാൽ തന്നെ ഇത് സംബന്ധിച്ചുള്ള ഏതെങ്കിലും തരത്തിലുള്ള ഊഹാപോഹങ്ങളോ ഈ വിഷയം രാഷ്ട്രീയവത്കരിക്കുന്നതിനുള്ള ശ്രമങ്ങളോ ഞങ്ങൾ പ്രോത് സാഹിപ്പിക്കുന്നതായിരിക്കില്ല."

**ന്യൂ ഡൽഹി**
**07 ഏപ്രിൽ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.